Published on 25.11.2015



# 2015-ലെ കൂലി കൊടുക്കൽ (കേരള ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2015

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 371

# 2015-ലെ കൂലി കൊടുക്കൽ (കേരള ഭേദഗതി) ബിൽ

1079/2015.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 371

# 2015-ലെ കൂലി കൊടുക്കൽ (കേരള ഭേദഗതി) ബിൽ

## 1936-ലെ കൂലി കൊടുക്കൽ ആക്റ്റ് അത് കേരള സംസ്ഥാനത്തെ ബാധിക്കുന്നിടത്തോളം വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1936-ലെ കൂലി കൊടുക്കൽ ആക്റ്റ്, അത് കേരള സംസ്ഥാനത്തെ ബാധിക്കുന്നിടത്തോളം ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമം ഉണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2015-ലെ കൂലി കൊടുക്കൽ (കേരള ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് 2015 ഒക്ടോബർ 3-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 6-ാം വകുപ്പിനുള്ള ഭേദഗതി.—1936-ലെ കൂലി കൊടുക്കൽ ആക്റ്റിലെ (1936-ലെ 4-ാം കേന്ദ്ര ആക്റ്റ്) 6-ാം വകുപ്പിൽ, നിലവിലുള്ള ക്ലിപ്തനിബന്ധനയ്ക്കുശേഷം, താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നുമാത്രമല്ല, ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സംസ്ഥാന സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, ജോലിക്കായി നിയോഗിക്കപ്പെട്ട ആളിൽ നിന്നും ഏതെങ്കിലും അധികാരപ്പെടുത്തൽ വാങ്ങാതെതന്നെ, ഏതൊക്കെ വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലുടമകൾ അവിടെ ജോലിക്കായി നിയോഗിക്കപ്പെട്ട ആളിന്, ചെക്ക് മുഖാന്തിരമോ കൂലി അയാളുടെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തുകൊണ്ടോ, കൂലി കൊടുക്കണമെന്ന് പ്രത്യേകം പറയാവുന്നതാണ്".

3. റദ്ദാക്കലും ഒഴിവാക്കലും.—(1) 2015-ലെ കൂലി കൊടുക്കൽ (കേരള ഭേദഗതി) ഓർഡിനൻസ് (2015-ലെ 17) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽതന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ എടുത്തതോ ആയ ഏതെങ്കിലും നടപടി, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1936-ലെ കൂലി കൊടുക്കൽ ആക്റ്റിലെ 6-ാം വകുപ്പിലെ നിലവിലുള്ള ക്ലിപ്ത നിബന്ധനപ്രകാരം തൊഴിലുടമ, ജോലിക്കായി നിയോഗിക്കപ്പെട്ട ആളുടെ രേഖാമൂലമുള്ള അധികാരപ്പെടുത്തൽ വാങ്ങിയശേഷം, കൂലി ചെക്കായിട്ടോ അല്ലെങ്കിൽ തൊഴിലാളിയുടെ ബാങ്ക് അക്കൗണ്ടിൽ വരവ് വച്ചോ, നൽകേണ്ടതാണ്. സംസ്ഥാനത്ത് വേതനസുരക്ഷാ പദ്ധതിയുടെ ഭാഗമായി ഇ-പേയ്മെന്റിന് നിയമ പരിരക്ഷ നൽകുന്നതിനായി ജോലിക്കായി നിയോഗിക്കപ്പെട്ട ആളുകളുടെ കൂലി, അവരുടെ അധികാരപ്പെടുത്തൽ കൂടാതെ, ചെക്കായോ ബാങ്ക് അക്കൗണ്ട് മുഖേനയോ, ഏതൊക്കെ വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലുടമകൾ നൽകണമെന്ന്, പ്രത്യേകം പറയുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിനുള്ള ഒരു വ്യവസ്ഥ ഉൾപ്പെടുത്തുന്നതിനായി 6-ാം വകുപ്പിന്റെ ക്ലിപ്തനിബന്ധനയ്ക്കുശേഷം ഒരു പുതിയ ക്ലിപ്തനിബന്ധന ചേർത്തുകൊണ്ട് 1936-ലെ കൂലി കൊടുക്കൽ ആക്റ്റ് ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ആവശ്യത്തിലേക്കായി 2014-ലെ കൂലി കൊടുക്കൽ (കേരള ഭേദഗതി) ബിൽ പതിമൂന്നാം കേരള നിയമസഭയുടെ 260-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിക്കുകയുണ്ടായി. 2015 ജൂൺ 8-ന് ആരംഭിച്ച് 2015 ജൂലൈ 13-ന് അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളന കാലത്ത് പ്രസ്തുത ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല.

സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടനടി പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2015-ലെ കൂലി കൊടുക്കൽ (കേരള ഭേദഗതി) ഓർഡിനൻസ് (2015-ലെ 17) 2015 ഒക്ടോബർ 3-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2015 ഒക്ടോബർ 3-ാം തീയതിയിലെ 2235-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

2015-ലെ 17-ാം നമ്പർ ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

**ഷിബു ബേബി ജോൺ**

(ശരിത്തർജ്ജമ)

## 1936-ലെ കൂലി കൊടുക്കൽ ആക്റ്റിൽ (1936-ലെ 4-ാം കേന്ദ്ര ആക്റ്റ്) നിന്നുള്ള പ്രസക്തഭാഗങ്ങൾ

** ** ** **

6. കൂലി കൊടുക്കുന്നത് നിലവിലുള്ള നാണയത്തിലോ കറൻസി നോട്ടുകളിലോ ആയിരിക്കണമെന്ന്.—എല്ലാ കൂലിയും നിലവിലുള്ള നാണയത്തിലായോ കറൻസി നോട്ടുകളിലായോ രണ്ടിലുമായോ കൊടുക്കേണ്ടതാകുന്നു:

എന്നാൽ, തൊഴിലുടമ ജോലിക്കായി നിയോഗിക്കപ്പെട്ട ആളുടെ രേഖാമൂലമുള്ള പ്രാധികാരപ്പെടുത്തൽ വാങ്ങിയശേഷം, കൂലി ചെക്കായിട്ടോ അല്ലെങ്കിൽ കൂലി ബാങ്ക് അക്കൗണ്ടിൽ വരവ് വച്ചോ നൽകേണ്ടതാണ്.

** ** ** **

---